[Mr. Pserident.]

നിർദ്ദേശങ്ങളും കംഭം നു-ാംനു- ഉച്ചയ്ക്കു രണ്ടുമണിക്കു മുൻപു് നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണു്. അവരുടെ പരിശോധന അന്നു വൈകുന്നേരം സഭ പിരിഞ്ഞതിനുശേഷം എന്റെ ചേംബറിൽവച്ചു നടത്തുന്നതും തിരഞ്ഞെടുപ്പു് ആവശ്യമെന്നു കാണുന്നപക്ഷം കംഭം ൭-ാംനു- സഭാ നടപടികൾക്കുശേഷം ഇവിടെവച്ചു നടത്തുന്നതുമായിരിക്കും.

DEMANDS FOR SUPPLEMENTARY GRANTS.

HON'BLE MR. A. J. JOHN: I move for a supplementary Grant of Rs. 42,700 -under Demand No.- III-Stamp Manufactory Contingencies of which Rs. 29,700-is rquired for the purchase of Water Mark Paper and Rs. 13,000/-for purchase of Cardboard and covers.

സ്റ്റാമ്പു മാനുഫാക്ടറി കണ്ടിൻജൻസി ഇനത്തിൽ ൪൨,൭൦൦ രൂപായുടെ ഒരു സപ്ലിമെൻററി ഗ്രാൻറാണു് ഞാനിപ്പോൾ ആവശ്യപ്പെടുന്നതു്. ഇതിൽ ൨൯,൭൦൦ രൂപാ വാട്ടർ മാർക്ക് പേപ്പർ വാങ്ങിക്കുവാനും ൧൩,൦൦൦ രൂപാ കാർഡുബോഡും കവറും വാങ്ങിക്കുവാനും ആണു്, ഇക്കൊല്ലത്തെ ബഡ്ജററിൽ ഈ ഇനങ്ങൾക്കു് യഥാക്രമം ൨൯,൦൦൦-ം, ൩൦,൦൦൦-ം രൂപാ അനുവദിച്ചിരുന്നു. ഈ തുക ഇപ്പോൾ പോരാതെ വന്നതുകൊണ്ടാണു് ഈ സപ്ലിമെൻററി ഗ്രാൻറിന്റെ ആവശ്യം വന്നിരിക്കുന്നതു്. ൧൯൪൯-ൽ, ൧൫,൦൦൦ രൂപായാണു് വാട്ടർമാർക്ക് പേപ്പറിനുവേണ്ടി അനുവദിച്ചിരുന്നതു്. എന്നാൽ, ൨൪,൫൦൦ രൂപാക്കു മാത്രമെ പേപ്പർ വാങ്ങിയുള്ളൂ. ഇപ്പോൾ പേപ്പർ മുഴുവൻ തീർന്നിരിക്കുന്നതുകൊണ്ടും പേപ്പർ ശേഖരിക്കേണ്ടതു വളരെ അത്യാവശ്യമായിരിക്കുന്നതും ആണു് ഇത്രയും രൂപാ ആവശ്യപ്പെട്ടിരിക്കുന്നതു്.

കാർഡും കവറും തീരെ തീർന്നുപോയതുകൊണ്ടാണു് ൧൦,൦൦൦ രൂപാക്കൂടി ആ ഇനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു്. ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള ൩൦,൦൦൦ രൂപാ ഒട്ടും മതിയാകാതെയിരിക്കുന്നു. അതുകൊണ്ടു് ആ ഇനത്തിൽ ൪൦,൦൦൦ രൂപാക്കൂടി ആവശ്യപ്പെട്ടിരിക്കുകയാണു്. അങ്ങനെ രണ്ടു തുകകളും ചേർത്തു ൭൨,൭൦൦ രൂപാ അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

MR. K. P. NILAKANTA PILLAI: ബഡ്ജററിന്റെ ഏതു് ഇനത്തിലാണു് ഈ തുക ആവശ്യപ്പെടുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN: I will explain the position. Although a provision of Rs. 12,000 was made under this item in the budget estimate of 1123, the actual expenditure incurred amounted only to Rs. 8,300 leaving an unspent balance of Rs. 3,700. (The expenditure during the 3 previous years was Rs. 49,671 in 1120, Rs. 64,200 in 1121 and Rs. 29,002, in 1122. Based on the actuals of 1122, a provision of Rs. 29,000 only was made in the budget estimate for 1124). However the expenditure so far incurred under this head comes to Rs. 31,300 and orders have been placed for a sum of Rs. 53,800 which are expected to be executed within a month or two. The total demand for the current year thus comes to Rs. 85,100 against which Rs. 26,400 has already been paid in advance in 1122 The balance of Rs. 29,700 (after deducting the existing grant) is now applied for as additional grant. The increased expenditure in the current year is due to the heavy depletion of stock in the course of the last two years as the purchases of paper were too small during that period and the manufacture also was consequently greatly affected.

MR. K. P. NILAKANTA PILLAI: ബഡ്ജറിൽ ഇതിനുവേണ്ടി അലാട്ട ചെയ്തിട്ടുള്ള പണം മുഴുവൻ ചെലവായോ?

HON'BLE MR. A. J. JOHN: കുറെ എല്ലാം ചെലവായിട്ടുണ്ട്. ഇപ്പോൾ പേപ്പറിനു ഓർഡർ കൊടുത്തിരിക്കുന്നതു കൊണ്ടാണു ഈ ഡിമാൻറ് ആവശ്യപ്പെട്ടതു്.

MR. K. P. NILAKANTA PILLAI: അതല്ല ചോദ്യം. ഈ കായ്ത്തിലേക്കു ഒരു ലക്ഷത്തിൽ ചിലപ്പോൾ രൂപാ ഇരയാണ്ടത്തെ ബഡ്ജറിൽ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ടു മുഴുവൻ ചെലവായോ എന്നാണറിയേണ്ടതു.

HON'BLE MR. A. J. JOHN: ഒരു ലക്ഷം രൂപാ അനുവദിച്ചിട്ടില്ല. ൻ, ൦ ൦ ൦ രൂപായെ അനുവദിച്ചിട്ടുള്ളൂ.

MR. K. P. NILAKANTA PILLAI: അതു മുഴുവനും ചെലവായോ എന്നാണു ഞാൻ ചോദിച്ചതു്?

HON'BLE MR. A. J. JOHN: മുഴുവൻ ചെലവായിട്ടില്ല. എന്നാൽ ഈ തുക കൂടി ആവശ്യമുണ്ടു്

MR. K. P. NILAKANTA PILLAI: ഇതു് ഏതു ഡിപ്പാർട്ടുമെൻറിന്റെ ചെലവിലാണു കൊള്ളിച്ചിരിക്കുന്നതു്?

HON'BLE MR. A. J. JOHN: അഞ്ചൽ ഡിപ്പാർട്ടുമെൻറിലെ കണ്ടിൻജൻസി ഇനത്തിൽ.

MR. P. T. CHACKO: ബഡ്ജറിൽ അനുവദിച്ചിട്ടുള്ള മുഴുവൻ പണവും തന്നെ നാലുകാര്യവും ഇല്ലാതെ വരുമ്പോഴാണോ സപ്ലിമെൻറി ഗ്രാൻറു കൊണ്ടു വരേണ്ടതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. P S. NATARAJA PILLAI; What is the total amount now required for getting printing paper that has been ordered?

HON'BLE. MR. A. J. JOHN :

ടോട്ടൽ ഡിമാൻറ് വ൫,൦൦൦ രൂപയാണ്. അതിൽ ൟ,൦൦൦ രൂപ ചെലവായിക്കഴിഞ്ഞു.

MR. K. K. CHELLAPPAN PILLAI : ചോദ്യോത്തരവേളയിൽ കുറെ രൂപ ഇംഗ്ലണ്ടിൽ അയച്ചു കൊടുത്തതായി പറഞ്ഞല്ലോ. അതെത്രയാണ്?

HON'BLE MR. A. J. JOHN : വന്ന, ൫൦൦ രൂപയാണ്.

MR. K. K. CHELLAPPAN PILLAI : അന്നയച്ചുകൊടുത്ത പണത്തിനു കടലാസ് എപ്പോൾ വരുമെന്നുള്ള അറിയോട്ടുകൂടിയാണോ ബഡ്ജറു തയാറാക്കിയത്?

HON'BLE MR. A. J. JOHN : അതു ബഡ്ജറു തയാറാക്കിയവരോടു ചോദിച്ചാലേ അറിയാവൂ.

MR. K. SIVARAMA PILLAI Is this amount to be diverted from other budget heads or to be borrowed?

HON'BLE MR. A. J. JOHN : കടം വാങ്ങണമെന്നു തൽക്കാലം ഉദ്ദേശിക്കുന്നില്ല.

MR. K. SIVARAMA PILLAI : From which head is the diversion contemplated?

HON'BLE MR. A. J. JOHN : തിരുവിതാംകൂറിലെ റവന്യൂവിൽ നിന്നും എടുക്കണമെന്നാണു ഉദ്ദേശിക്കുന്നതു്.

The motion for a supplementary grant of Rs. 42,700, under Demand III, was put and carried;

The grant was made.

54 (C)—Industrial concerns.

HON'BLE MR. T. K. NARAYANA PILLAI : സർ, ൧൦ ന്റെ രൂപായുടെ കൂടുതൽ ധനാഭ്യർത്ഥന സഭയുടെ അംഗീകാരത്തിനായി ഞാൻ സമർപ്പിക്കയാണു്. അതിലേക്കാവശ്യമായ സംഗതികളെക്കുറിച്ചുകൂടി ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാമെന്നു ഉദ്ദേശിക്കുന്നു. പ്രധാനമായിട്ടുള്ളതു് ഇതു് രണ്ടിനത്തിൽ ഉൾപ്പെട്ട സംഖ്യയാണു്. ഒന്നാമത്തതു് കോട്ടയത്തെ വ്യവസായങ്ങൾക്കു് ആവശ്യമായ സ്ഥലങ്ങൾ പൊന്നുംവില കൊടുത്തു വാങ്ങിക്കാനുള്ളതാണു. പെരുമ്പാവൂർ തഹസീൽദാരെ പൊന്നുംവില ആഫീസറായിക്കൂടി നിയമിച്ചിരുന്നു. അദ്ദേഹം, ആഫീസ് ക്ലർക്കുമാർ മുതൽ നിയമനം ചെയ്തതുകൊണ്ടു് ഉദ്യോഗം തുടർന്നുകൊണ്ടുപോകാതെയാണിരിക്കുന്നതു്. എന്നാൽ അതിനു മുമ്പു്

LIBRARY ARCHIVES Kerala Legislative Assembly